"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ഇൻസ്പെക്ടർ ശ്രീ.റിജിൻ എം തോമസിന്റെ എറണാകുളം ഠൗൺ സൗത്ത് പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നം. 1V(a)-03-ലെ 01.04.2025 മുതൽ 19.07.2025 വരെയുള്ള താമസം ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.1897/2026/HOME തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 18.04.2026 തീയതിയിലെ H14-63143/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.റിജിൻ എം തോമസ് (പെൻ നം. 299145) പോലീസ് ഇൻസ്പെക്ടർക്ക് എറണാകുളം ഠൗൺ സൗത്ത് പോലീസ് ക്വാർട്ടേഴ്സിലെ ഫാമിലി ക്വാർട്ടേഴ്സ് നം.4(എ)-03 അനുവദിച്ചിരുന്നു. ടിയാൻ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസറായി ജോലി നോക്കി വരവേ 01.04.2025 മുതൽ പ്രാബല്യത്തിൽ കൊച്ചി സിറ്റിയിലെ ഫാമിലി ക്വാർട്ടേഴ്സിൽ തുടർതാമസത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതായും എന്നാൽ ടിയാൻ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരുന്നതിനാൽ, ഇൻസ്പെക്ടർ വടക്കാഞ്ചേരിക്ക് വേണ്ടി ഏതെങ്കിലും ഫാമിലി ക്വാർട്ടേഴ്സുകൾ നീക്കിവച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഒരു റിപ്പോർട്ട് നൽകാൻ തൃശൂർ സിറ്റി പോലീസ് കമ്മീഷണറോട് നിർദ്ദേശിച്ചുവെന്നും ആയതിന് വടക്കാഞ്ചേരി ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർക്കായി ഒരു ഫാമിലി ക്വാർട്ടേഴ്സ് നീക്കിവച്ചിട്ടുണ്ട് എന്നും, പക്ഷേ അത് കുടുംബത്തോടൊപ്പം താമസിക്കാൻ യോഗ്യമല്ല എന്നും തൃശൂർ സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തുവെന്നും അതേസമയം, ശ്രീ. റിജിൻ തോമസിനെ 19.07.2025 മുതൽ കൊച്ചി നഗരത്തിലേക്ക് തിരികെ സ്ഥലംമാറ്റിയെന്നും പ്രസ്തുത ക്വാർട്ടേഴ്സിൽ 01.04.2025 മുതൽ 19.07.2025 വരെ അപേക്ഷകൾ ഒന്നും തന്നെ പെൻഡിംഗ് ഇല്ലായെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തുവെന്നും

നടപടിക്രമങ്ങളിലെ കാലതാമസം കാരണം, കൊച്ചി നഗരത്തിലെ ഫാമിലി ക്വാർട്ടേഴ്സിൽ തുടർ താമസത്തിനായുള്ള ശ്രീ.റിജിൻ എം തോമസിന്റെ അപേക്ഷ യഥാസമയം സർക്കാരിന് കൈമാറാൻ കഴിഞ്ഞില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീ.റിജിൻ എം തോമസിന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ എറണാകുളം ൦ൗൺ സൗത്ത് പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നം. 1V(a)-03-ലെ 01.04.2025 മുതൽ 19.07.2025 വരെയുള്ള കാലയളവിലെ താമസം ക്രമീകരിച്ച് നൽകാവുന്നതാണെന്നു സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം ശിപാർശ ചെയ്തു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് ഇൻസ്പെക്ടർ ശ്രീ.റിജിൻ എം തോമസിന്റെ എറണാകുളം ൦ൗൺ സൗത്ത് പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നം. 1V(a)-03-ലെ 01.04.2025 മുതൽ 19.07.2025 വരെയുള്ള താമസം ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ ടി വി

അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

2.പോലീസ് കമ്മീഷണർ,കൊച്ചി സിറ്റി

3.ശ്രീ.റിജിൻ എം തോമസ്,പോലീസ് ഇൻസ്പെക്ടർ( പോലീസ് കമ്മീഷണർ,കൊച്ചി സിറ്റി മുഖേന)

4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി

5.കരുതൽ ഫയൽ(HOME-D3/88/2026-HOME )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 02-06-2026 15:20:31

സെക്ഷൻ ഓഫീസർ